**കേരള സർക്കാർ**

നം.71875/ഡി.സി1/2014/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം, തീയതി : 02/12/2014

# സർക്കുലർ

വിഷയം :- ത.സ്വ.ഭ.വ – മാലിന്യ സംസ്ക്കരണത്തിലേയ്ക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇൻസിനറേറ്റർ സ്ഥാപിക്കുന്നത് – സംബന്ധിച്ച്.

2000–ാമണ്ടിലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡിലിംഗ്) റൂൾസ് പ്രകാരം ജൈവജീർണ്ണനം നടക്കുന്ന മാലിന്യങ്ങൾ കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ് ബയോഗ്യാസ് പ്ലാന്റുകൾ, എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി സംസ്ക്കരണം നടത്തണമെന്ന് അനുശാസിക്കുന്നുണ്ട്. മാലിന്യം കത്തിച്ചുകളയുന്നതിനുള്ള ഇൻസിനറേറ്റർ സ്ഥാപിക്കുന്നത് പ്രത്യേക സാഹചര്യത്തിൽ മാത്രമേ പാടുള്ളൂവെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. കേരളത്തിലെ സവിശേഷതകൾ കണക്കിലെടുത്തും നാളിതുവരെയുള്ള അനുഭവം ഉൾക്കൊണ്ടും കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നഗര മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് സാങ്കേതിക-സാമ്പത്തിക, പരിസ്ഥിതി മലിനീകരണ സാധ്യതകൾ പരിഗണിച്ച് ഇപ്പോൾ ഇൻസിനറേറ്റർ സാർവ്വത്രികമായി ഉപയോഗപ്പെടുത്തേണ്ടതില്ല എന്ന സമീപനമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിലേയ്ക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നൽകി വരുന്നു എന്ന് കാണുന്നുണ്ട്.

കേരളത്തിലെ മാലിന്യത്തിന്റെ സ്വഭാവവും കാലാവസ്ഥയും, ഉയർന്ന തോതിലുള്ള ഈർപ്പം (70%), ഉയർന്ന തോതിലുള്ള ജൈവ വസ്തുക്കളുടെ സാന്നിദ്ധ്യവും (70% – 80%), ഉയർന്ന താപ മൂല്യമുള്ള വസ്തുക്കളുടെ കുറവ് എന്നിവ ഇൻസിനറേഷൻ പ്രക്രിയയ്ക്ക് വിഘാതമായിട്ടുള്ളതാണ്. അന്തർ ദേശീയ നിലവാരത്തിലുള്ള ഇൻസിനറേറ്ററും ആയതിന് അനുയോജ്യമായ വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങളും ഉൾപ്പെട്ട ഇൻസിനറേറ്റർ മൂലധന ചെലവും പ്രവർത്തന ചെലവും കൂടുന്ന

തുമാണ്. ഇക്കാര്യങ്ങൾ പരിഗണിച്ചാണ് ലോക്കൽ ബോഡി തലത്തിൽ ചെറിയ ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ല എന്നു കാണുന്നത്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്ക്കരണത്തിലേയ്ക്കായി ഇന്ധനം ഉപയോഗപ്പെടുത്തി പ്രവർത്തിപ്പിക്കാവുന്നതും/ഇന്ധനം ഉപയോഗപ്പെടുത്താതെയും പ്രവർത്തിപ്പിക്കാവുന്നതും എന്നാൽ ദേശീയ, അന്തർദേശീയ മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ ഇൻസിനറേറ്ററുകൾ മാലിന്യ സംസ്ക്കരണത്തിലേയ്ക്കായി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ മാലിന്യ സംസ്ക്കരണത്തിലേയ്ക്കായി ഇൻസിനറേറ്ററുകൾ ശുചിത്വമിഷന്റെ സാങ്കേതികാനുമതി ഇല്ലാതെ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എടുക്കുന്ന നടപടികൾ നിരുത്സാഹപ്പെടുത്തേണ്ടതുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്തീരാജ് ചട്ടം, 1994-ലെ കേരള നഗരപാലിക ചട്ടം എന്നിവ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനാതിർത്തിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, പരിവഹണം, സംസ്ക്കരണം, നിർമ്മാർജ്ജനം എന്നീ പ്രവൃത്തികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. 2012-ൽ ഈ ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം വ്യവസായ ശാലകൾ, വാണിജ്യ സ്ഥാപനങ്ങൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിലേയ്ക്ക് ടി സ്ഥാപനങ്ങൾ തന്നെ നടപടി സ്വീകരിക്കണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം സ്ഥാപന മേലധികാരികളെ നിശ്ചിത പിഴയ്ക്കോ തടവിനോ ഇവ രണ്ടിനും കൂടിയോ ഉള്ള ശിക്ഷണ നടപടികൾക്ക് വിധേയമാക്കാവുന്നതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ആകയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമവിധേന ശേഖരിക്കപ്പെടുന്ന മാലിന്യം സംസ്ക്കരിക്കുന്നതിലേയ്ക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി നിർമ്മാർജ്ജനം ചെയ്യുന്നതിലേയ്ക്കാണ് നടപടി സ്വീകരിക്കേണ്ടത്. അതിലുപരി സർക്കാർ അംഗീകരിക്കാത്തതും നിയമം അനുശാസിക്കാത്തതും തരത്തിലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി വിശേഷിച്ച് ഇൻസിനറേറ്ററുകൾ പോലുള്ള മാലിന്യ സംസ്ക്കരണ സംവിധാനം സ്ഥാപിച്ച് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നത് പരിസ്ഥിതി സംരക്ഷണത്തിന് പ്രോത്സാഹനജനകമല്ല. പ്രത്യേകിച്ച് ജൈവജീർണ്ണനം നടക്കുന്ന മാലിന്യങ്ങൾ പുനരുപയോഗ, പുനഃചംക്രമണ സാധ്യതയുള്ള മാലിന്യങ്ങളും കത്തിക്കാൻ പാടില്ലാത്തതാണ്.

ആകയാൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്ക്കരണത്തിലേയ്ക്കായി ഇൻസിനറേറ്റർ അല്ലാതെ മറ്റ് സാങ്കേതിക വിദ്യകൾ ഒന്നും ഉപയോഗപ്രദമല്ല എന്ന ഘട്ടത്തിലും പ്രത്യേക സാഹചര്യങ്ങളിലും മാത്രമേ ഇൻസിനറ്റേറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ട് പോകാവൂ എന്നും ആയത് സ്ഥാപിക്കുന്നതിന് മുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതി ശുചിത്വമിഷൻ/മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പരിശോധനയ്ക്കും ശുപാർശയ്ക്കും ശേഷം സർക്കാരിൽ നിന്നും മുൻകൂർ അംഗീകാരം വാങ്ങിയ ശേഷവും വേണം ഇത്തരത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാനായി നടപടി എടുക്കാവൂ എന്നും നിർദ്ദേശിക്കുന്നു.

**ജെയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
2. ഡയറക്ടർ, നഗരകാര്യ വകുപ്പ്.
3. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്.
4. ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
5. എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
6. എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മിഷണർ മുഖേന)
8. മെമ്പർ സെക്രട്ടറി, സംസ്ഥാന മലനീകരണ നിയന്ത്രണ ബോർഡ്.
9. എല്ലാ ജില്ലാ കളക്ടർമാർക്കും. (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ മുഖേന)
10. ഡയറക്ടർ, ഇൻഫർമേഷൻ കേരള വിഷൻ.
11. വെബ് & ന്യൂ മീഡിയ
12. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം അയക്കുന്നത്,

സെക്ഷൻ ഓഫീസർ